**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1280** **07-10-2021 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ടൂറിസം മേഖലയുടെ പുരോഗതിക്ക് എന്തൊക്കെ പദ്ധതികളാണ് പുതുതായി നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ടൂറിസം മേഖലയുടെ പുരോഗതിയ്ക്കായി നിരവധിയായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒന്നാം കോവിഡ് തരംഗം അവസാനിച്ചപ്പോൾതന്നെ നമ്മുടെ നാട് വിനോദസഞ്ചാരികൾക്ക് സന്ദർശിക്കുവാൻ സുരക്ഷിതമാണെന്നുള്ള സന്ദേശം നൽകുന്ന മാർക്കറ്റിംഗ് ക്യാമ്പെയിനുകൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ചിരുന്നു. ഇതിന്റെ ഭാഗമായി വിഷ്വൽ മീഡിയയിലൂടെയും പ്രിൻറ് മീഡിയയിലൂടെയും ഓൺലൈൻ മാധ്യമങ്ങളിലൂടെയും നിരവധിയായ പ്രചാരണങ്ങൾ രാജ്യത്തിനകത്ത് നടത്തിയിരുന്നു. കോവിഡ് സാഹചര്യങ്ങളിൽ കേരളത്തിനകത്തുള്ളവരാണ് കൂടുതലായി യാത്ര ചെയ്യുന്നത്. ഇവരെ ലക്ഷ്യം വച്ച് കേരളം കാണാം എന്ന ഒരു പ്രത്യേക ക്യാമ്പെയിൻ ടൂറിസം വകുപ്പ് നടപ്പാക്കിയിരുന്നു. ഇത് കൂടാതെ സംസ്ഥാനത്ത് കാരവാൻ ടൂറിസം പ്രോത്സാഹിപ്പിക്കുവാൻ കാരവാൻ ടൂറിസം പദ്ധതിയ്ക്കും തുടക്കംകുറിച്ചിട്ടുണ്ട്. ഈ വർഷം പുതുതായി മലബാർ ലിറ്ററി സർക്യൂട്ട്, കൊല്ലം ബയോഡൈവേഴ്സിറ്റി സർക്യൂട്ട് എന്നിവ ഇവയിൽ പ്രധാനമാണ്. മാന്നാർ-ചെങ്ങന്നൂർ-ആറന്മുള പ്രദേശങ്ങളെ കൂട്ടിയിണക്കിക്കൊണ്ടുള്ള റൂറൽ ആർട്ട്സ് ആൻറ് ക്രാഫ്റ്റ് സർക്യൂട്ടും സർക്കാരിന്റെ പരിഗണനയിലാണ്. ഇതോടൊപ്പംതന്നെ മലബാർ റിവർ ക്രൂയിസ്, തലശ്ശേരി പൈതൃക പദ്ധതി, ആലപ്പുഴ ഹെറിറ്റേജ് പദ്ധതി, മുസിരിസ്സ് പൈതൃക പദ്ധതി, ട്രാവൻകൂർ പൈതൃക പദ്ധതി എന്നിവയുടെ പൂർത്തീകരണവും ഇപ്പോൾ ലക്ഷ്യമിടുന്ന പ്രധാന പദ്ധതികളാണ്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി ബേപ്പൂരിന്റെ സമഗ്ര ടൂറിസം വികസന പദ്ധതിയും സർക്കാരിന്റെ പ്രധാന പദ്ധതിയാണ്. ഉത്തരവാദിത്ത ടൂറിസം സംസ്ഥാനത്തിന്റെ വിവിധ |

| | | | |
|---|---|---|---|
| | | | ഭാഗങ്ങളിൽ നടപ്പിലാക്കുന്നതാണ്. ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ നരിക്കോട്മല ടൂറിസം പദ്ധതിയുടെ ഭാഗമായി എം.എൽ.എ. നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടിയും പുരോഗതിയും വിശദീകരിക്കാമോ; | (ബി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ നരിക്കോട് മല ഉൾപ്പെടെയുള്ള വിവിധ പ്രദേശങ്ങളെ ഉൾപ്പെടുത്തിയുള്ള ടൂറിസം പദ്ധതി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. എം.എൽ.എ നൽകിയ നിവേദനം ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കണ്ണൂർ ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ഉടൻ ലഭ്യമാക്കി ഉചിതമായ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | ചെറുവാഞ്ചേരി–നരിക്കോട്മല-പഴശ്ശി കാനനപാത–വിമാനപ്പാറ-പൊയിലൂർ പി.ആർ കുറുപ്പ് സ്മാരക പ്രകൃതി പഠന കേന്ദ്രം എന്നിവ ഉൾപ്പെടുത്തി ടൂറിസം ശൃംഖലയ്ക്ക് രൂപം നൽകുമോ എന്ന് വ്യക്തമാക്കുമോ? | (സി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ നരിക്കോട് മല ഉൾപ്പെടെയുള്ള വിവിധ പ്രദേശങ്ങളെ ഉൾപ്പെടുത്തിയുള്ള ടൂറിസം പദ്ധതി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. എം.എൽ.എ നൽകിയ നിവേദനം ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കണ്ണൂർ ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ഉടൻ ലഭ്യമാക്കി ഉചിതമായ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ